**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 201** **12-01-2021 - ൽ മറുപടിയ്ക്ക്**

**ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ ആന്റ് വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ജോൺ ഫെർണാണ്ടസ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ ആന്റ് വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം എന്ന സമഗ്ര ജലഗതാഗത പദ്ധതിയുടെ നിജസ്ഥിതി വിശദമാക്കാമോ; | (എ) | ഇന്റഗ്രേറ്റഡ് അർബൻ റീ ജനറേഷൻ & വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം എന്ന സമഗ്ര ജലഗതാഗത പദ്ധതിയുടെ നിർവ്വഹണ ചുമതല 12/11/2018 തീയതിയിലെ ജി.ഒ.(എം.എസ്.) 07/2018/ സി.എസ്.ഐ.എൻ.ഡി. സർക്കാർ ഉത്തരവ് പ്രകാരം കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനാണ് നൽകിയിട്ടുള്ളത്. ടി പദ്ധതിയിൽ, ഇടപ്പള്ളി കനാൽ, തേവര – പേരണ്ടൂർ കനാൽ, ചിലവന്നൂർ കനാൽ, തേവര കനാൽ, മാർക്കറ്റ് കനാൽ, കോന്തുരുത്തി കനാൽ എന്നിവ ഉൾപ്പെ ടുത്തിയിട്ടുണ്ട്. ഈ കനാലുകളുടെ വികസനം വെള്ളപ്പൊക്കം ലഘൂകരിക്കാനും മറ്റ് ഗതാഗത, ടൂറിസം പദ്ധതികളുമായി ഇന്റർ - മോഡൽ കണക്ടിവിറ്റിക്കായി കനാൽ നാവിഗേഷൻ പുനസ്ഥാപിക്കാനും ഉദ്ദേശിച്ചുള്ളതാണ്. ഇതിന്റെ ഭാഗമായി കനാൽ വൃത്തിയാക്കൽ, ആഴം കൂട്ടൽ, എഫ്.എം.ബി. രേഖകൾ അനുസരിച്ച് കനാലുകളുടെ വീതി കൂട്ടുക, തീര സംരക്ഷണം, ഫൂട് ഓവർ ബ്രിഡ്ജുകൾ, സാനിറ്ററി സീവേർ ലൈനും എസ്.ടി.പി.-കളും സ്ഥാപിക്കുക. ശുചിത്വ സൗകര്യങ്ങൾ, ജെട്ടികൾ, അടിസ്ഥാന സൗകര്യ വികസനം, കനാൽ തീരങ്ങളുടെ സൗന്ദര്യ വൽക്കരണം എന്നീ പ്രവർത്തികൾ ഉൾപ്പെടുന്നു. പദ്ധതിയുടെ എല്ലാ കൺസെപ്റ്റ് ഡിസൈനുകളും പൂർത്തിയാക്കി കഴിഞ്ഞു. ഭൂമി ഏറ്റെടുക്കുന്ന തിനും, നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കു ന്നതിനും വേണ്ടിയുള്ള ഭരണാനുമതി ലഭിക്കുന്നതിനുവേണ്ടി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് സമർപ്പിച്ച പുതുക്കിയ വിശദമായ പദ്ധതി റിപ്പോർട്ട് സർക്കാരിൽ പരിശോധിച്ചു വരുന്നു. |
| (ബി) | ഈ പദ്ധതിക്കായുള്ള പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതിനായുള്ള പ്രവൃത്തികൾ | (ബി) | ഈ പദ്ധതിക്കായുള്ള പുനരധിവാസ പദ്ധതിയുടെ ഭാഗമായി, കാക്കനാട് 7.73 ഏക്കർ ഭൂമി ഏറ്റെടുക്കുവാനുള്ള നടപടികൾ പൂർത്തീകരിച്ചു |

| | | | |
|---|---|---|---|
| | പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | | കൊണ്ടിരിക്കുന്നു. ടി സ്ഥലത്തു 280 ഭവനങ്ങൾ നിർമ്മിക്കുവാനുള്ള പ്രവർത്തിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി ലെറ്റർ ഓഫ് അവാർഡ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത പദ്ധതിക്ക് പാരിസ്ഥിതിക അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് എന്നത്തേക്ക് ലഭ്യമാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (സി) | ഈ പദ്ധതിക്കായുള്ള പാരിസ്ഥിതികാനുമതി യുടെ ഭാഗമായി, *കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ സി.ടി.ഇ. (Consent to Establish) ലഭ്യമായിട്ടുണ്ട്. *സംസ്ഥാന തണ്ണീർത്തട അതോറിറ്റിയുടെ ക്ലിയറൻസ് ലഭിക്കുന്നതിന് കൊച്ചി കോർപ്പറേഷ നിൽ നിന്നും ആവശ്യമായ ശുപാർശ ലഭിച്ചു. ക്ലിയറൻസ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. സംസ്ഥാനവന്യ ജീവി ബോർഡിന്റെ ക്ലിയറൻസ് ലഭ്യമായിട്ടുണ്ട്. ദേശീയ വന്യജീവി ബോർഡിന്റെ ക്ലിയറൻസ് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ പദ്ധതിക്കായുള്ള പാരിസ്ഥിതികാനുമതി യുടെ ഫൈനൽ ക്ലിയറൻസ് ഫെബ്രുവരി 2021-ൽ ലഭ്യമാകും എന്നു പ്രതീക്ഷിക്കുന്നു. |
| (ഡി) | കൊച്ചി നഗരസഭയുടെ 14, 15, 16, 17, 18 ഡിവിഷനുകളിൽപ്പെട്ട ഇടക്കൊച്ചി വില്ലേജിന് കീഴിലെ പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന കായൽ വെള്ളം കയറുന്ന പ്രശ്നത്തിന് പരിഹാരമേകുന്ന പഷണിതോടിന്റെ നവീകരണം ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; | (ഡി) | (ഡി) & (ഇ) ടി തോടിന്റെ നവീകരണം IURWTS പ്രോജക്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| (ഇ) | ഇത് സംബന്ധിച്ച് 20.10.2020 ന് നൽകിയ കത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ? | (ഇ) | (ഡി) & (ഇ) ടി തോടിന്റെ നവീകരണം IURWTS പ്രോജക്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ